**നഗരകാര്യ ഡയറക്ടറുടെ ഉത്തരവ് നടപടികൾ**
**(ഹാജർ: ഡോ.രേണു രാജ് ഐ.എ.എസ്)**

നഗരകാര്യ വകുപ്പ്-വിവിധ നഗരസഭകൾ- ജീവനക്കാര്യം- **റവന്യൂ ഓഫീസർ ഗ്രേഡ് II** തസ്തികയിലെ ജീവനക്കാരുടെ സ്ഥലംമാറ്റം-കരട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇ6- 416/2020 തിരുവനന്തപുരം , തീയതി 07/01/2021

പരാമർശം : 1. സർക്കാരിന്റെ 25.2.2017 ലെ സ.ഉ(പി)3/2017/ഉ.ഭ.പ.വ നമ്പർ ഉത്തരവ്
2. നഗരകാര്യ ഡയറക്ടറുടെ 1.2.2020 ലെ ഇ6-2028/2020 നമ്പർ സർക്കുലർ
3. നഗരകാര്യ ഡയറക്ടറുടെ 20.08.2020 ലെ ഇ6-2028/2020-ാം നമ്പർ കത്ത്
4. നഗരകാര്യ ഡയറക്ടറുടെ 28.10.2020 ലെ ഇതേ നമ്പർ ഉത്തരവ് നടപടികൾ
5. നഗരകാര്യ ഡയറക്ടറുടെ 7.1.2021 ലെ ഇ6-2028/2020-ാം നമ്പർ കത്തു മുഖേന പ്രസിദ്ധീകരിച്ച അന്തിമ ക്യൂലിസ്റ്റ്

**ഉത്തരവ്**

മേൽ ഒന്നാം പരാമർശിത സർക്കാർ ഉത്തരവിലെ സ്ഥലംമാറ്റ മാർഗ്ഗ നിർദ്ദേശങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായി സംസ്ഥാനത്തെ വിവിധ നഗരസഭകളിലെ വിവിധ തസ്തികകളിലെ ജീവനക്കാരുടെ സ്ഥലംമാറ്റം അനുവദിക്കുന്നതിനുള്ള കരട് ക്യൂ ലിസ്റ്റ് പരാമർശം (3) പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ളതും ആക്ഷേപങ്ങൾ ക്ഷണിച്ചിട്ടുള്ളതുമാണ്. കരട് ക്യൂ ലിസ്റ്റിൻമേൽ ലഭ്യമായ ആക്ഷേപങ്ങൾ പരിശോധിച്ച് പരാമർശം(5) പ്രകാരം അന്തിമ ക്യൂലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്. പരാമർശം(4) പ്രകാരമുള്ള ഉദ്യോഗക്കയറ്റം 2020-2021 വർഷത്തെ പൊതു സ്ഥലംമാറ്റ സമയത്ത് ക്യൂലിസ്റ്റ് പ്രകാരം അപേക്ഷകരുള്ളപക്ഷം പുന:പരിശോധനയ്ക്ക് വിധേയമാക്കുന്നതാണെന്ന് പരാമർശിച്ചിരുന്നതാണ്.

2020-21 വർഷത്തെ അന്തിമ ക്യൂ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ നഗരസഭകളിലെ **റവന്യൂ ഓഫീസർ ഗ്രേഡ് II** തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരെ അവരവരുടെ പേരിന് നേരെ ചേർത്തിരിക്കുന്ന നഗരസഭകളിൽ സ്ഥലംമാറ്റം നൽകി ഇതിനാൽ ഉത്തരവാകുന്നു. ഈ കരട് ഉത്തരവിൻമേൽ ആക്ഷേപമുള്ളവർ 15/01/2021-നകം online ആയി തങ്ങളുടെ ആക്ഷേപം സമർപ്പിക്കേണ്ടതാണ്.

| ക്രമ നം | പേര് | നിലവിലെ സ്റ്റേഷൻ | മാറ്റി നിയമിക്കുന്ന സ്റ്റേഷൻ | റിമാർക്സ് |
|---|---|---|---|---|
| 1 | ശശിധരൻ റ്റി | തിരൂർ | കോഴിക്കോട് | അനുകമ്പാർഹം |
| 2 | എം.പത്മനാഭൻ | പാലക്കാട് | തൃപ്പൂണിത്തുറ | അപേക്ഷ |
| 3 | റംസി ഇസ്മയിൽ എം.വി | കാസർഗോഡ് | കോഴിക്കോട് | അപേക്ഷ |

**(ഒപ്പ്)**
**നഗരകാര്യ ഡയറക്ടർ**

ബന്ധപ്പെട്ട ജീവനക്കാർക്ക്
ബന്ധപ്പെട്ട നഗരസഭാ സെക്രട്ടറിമാർക്ക്
മേഖലാ ജോയിന്റ് ഡയറക്ടർ
കൊല്ലം, കൊച്ചി, കോഴിക്കോട്
പകർപ്പ് : ഇ6, സൂപ്രണ്ട്, കരുതൽ ഫയൽ

ആജ്ഞാനുസരണം / അയയ്ക്കുന്നത്

സൂപ്രണ്ട്

lek